13 (*223) ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്കിന്റെ വായ്പ

ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ.എം. മാണി :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ദത്തെടുക്കുന്നതിന്റെ ഭാഗമായി വിവിധ മേഖലകളെക്കുറിച്ച് പഠനം നടത്തുന്നതിനും വിവരങ്ങൾ ശേഖരിക്കുന്നതിനുമായി ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ പ്രതിനിധികൾ കേരളം സന്ദർശിക്കുകയുണ്ടായോ;

(ബി) ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിൽ നിന്നും എത്ര കോടി രൂപയാണ് ഉദാര വ്യവസ്ഥകളോടെ സംസ്ഥാനത്തിന് ലഭിക്കുന്നത്; ഇതിന്റെ ആദ്യഗഡു സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു ലഭിച്ചു; ലഭിച്ച തുക എത്ര;

(സി) വായ്പ ലഭിക്കുന്ന തുക ഉപയോഗിച്ച് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദീകരിക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) സന്ദർശിച്ചിരുന്നു.

(ബി) ഇതിനെ സംബന്ധിച്ച് ബാങ്ക് പ്രതിനിധികളുമായി മൂന്നാംവട്ട ചർച്ചനടത്തി അന്തിമതീരുമാനമായിട്ടില്ല.

(സി) അന്തിമഘട്ട ചർച്ചകൾക്ക് ശേഷമേ വെളിപ്പെടുത്താനാകൂ.

14 (*224) വനം വകുപ്പിന്റെ പ്ലാന്റേഷനുകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി

ശ്രീ. പി.കെ. കുമാരൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ പ്ലാന്റേഷനുകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി ഈ സർക്കാർ അധികാരമേറ്റശേഷം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) വനം വകുപ്പിന്റെ പ്ലാന്റേഷനുകളിൽ തേക്ക്, പൾപ്പ്, വുഡ് തുടങ്ങിയ വൃക്ഷതൈകൾ ഉല്പാദിപ്പിക്കുന്നതിന് കേന്ദ്രീകൃത നഴ്സറികൾ സ്ഥാപിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചുവോ; എങ്കിൽ പ്രസ്തുത നഴ്സറികൾ എവിടെയൊക്കെയാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly